## XII - CHAPTER - 5

## Web Designing Using HTML

**1. HTML ലെ ലിസ്റ്റുകൾ** 3ലിസ്റ്റുകൾ-അൺ ഓർഡേർഡ് ലിസ്റ്റ്,ഓർഡേർഡ് ലിസ്റ്റ്,ഡെഫിനിഷൻ ലിസ്റ്റ്.

**1.1. അൺ ഓർഡേർഡ് ലിസ്റ്റ് -** ഓർഡർ ചെയ്യാത്ത ലിസ്റ്റുകൾ ബുള്ളറ്റുകൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു.

**< UL>** ടാഗ് ഉപയോഗിച്ചാണ് ഓർഡർ ചെയ്യാത്ത ലിസ്റ്റുകൾ സൃഷ്ടിക്കുന്നത്.

**<LI >** ടാഗിനുള്ളിൽ ഓരോ ലിസ്റ്റ് ഇനങ്ങൾ എഴുതുന്നു.

| **<UL> ടാഗിന്റെ ആട്രിബ്യൂട്ട്** | **<UL> ടാഗിന്റെ വാല്യൂ** | **ഉപയോഗം** |
|---|---|---|
| TYPE | none | വാല്യൂ ഒന്നും ഇല്ലെങ്കിൽ ബുള്ളറ്റ് ഡിസ്ക് രൂപത്തിലാണ്<br><ul><br><li>RAM</li></ul> Output: ● RAM |
| | disc | <ul type="disc"><br><li>RAM</li></ul> Output: ● RAM |
| | circle | <ul type="circle"><br><li>RAM</li></ul> Output: ○ RAM |
| | square | <ul type="square"><br><li>RAM</li></ul> Output: ☐ RAM |

**1.2. ഓർഡേർഡ് ലിസ്റ്റ് -** നമ്പർ,റോമൻ നമ്പർ,അക്ഷരങ്ങൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു.

**< OL>** ടാഗ് ഉപയോഗിച്ചാണ് ഓർഡർ ചെയ്യാത്ത ലിസ്റ്റുകൾ സൃഷ്ടിക്കുന്നത്.

**<LI >** ടാഗിനുള്ളിൽ ഓരോ ലിസ്റ്റ് ഇനങ്ങൾ എഴുതുന്നു

| <UL> ആട്രിബ്യൂട്ട് | <UL> ടാഗിന്റെ വാല്യൂ | Type അട്രിബ്യൂട് നൽകുമ്പോൾ | Type & start അട്രിബ്യൂട് നൽകുമ്പോൾ |
|---|---|---|---|
| **TYPE & START** | **1** (ഡീഫോൾട് വാല്യൂ 1 ആണ് ) | <ol type="1"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>1. RAM<br>2. ROM | <ol type="1" start="5"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>5. RAM<br>6. ROM |
| | **a** | <ol type="a"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>a. RAM<br>b. ROM | <ol type="a" start="4"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>d. RAM<br>e. ROM |
| | **A** | <ol type="A"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>A. RAM<br>B. ROM | <ol type="A" start="4"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>D. RAM<br>E. ROM |
| | **i** | <ol type="i"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>i. RAM<br>ii. ROM | <ol type="i" start="4"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>iv. RAM<br>v. ROM |
| | **I** | <ol type="I"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>I. RAM<br>II. ROM | <ol type="I" start="4"><br><li>RAM</li><br><li>ROM</li><br></ol><br>Output:<br>IV. RAM<br>V. ROM |

teachbook.in

### 1.3. ഡെഫിനിഷൻ ലിസ്റ്റ് -

ഡെഫനിഷൻ ലിസ്റ്റുകൾ **< DL>** ടാഗ് ഉപയോഗിക്കുന്നു.**<DT >** ടാഗിൽ ഡെഫിനിഷൻ നിർവചനവും,**<DD>** ടാഗ് വിവരണം വ്യക്തമാക്കുന്നു.

**Code :**

```
<DL>
        <DT> Data : </DT>
        <DD> Set of raw facts and figures </DD>
        <DT>  Information: </DT>
        <DD>  Processed data </DD>
</DL>
```

**OUTPUT:**

Data :
Set of raw facts and figures

Information :
Processed data

## 2. ലിങ്കുകളുടെ നിർമാണം : ( Hyperlink )

ഒരു വെബ് പേജിലെ ടെക്സ്റ്റിലോ, ഇമേജിലോ, എലെമെന്റിലോ ക്ലിക്ക് ചെയ്യുമ്പോൾ മറ്റൊരു പേജിലോയ്ക്കോ അതേ പേജിന്റെ മറ്റൊരു ഭാഗത്തേക്കോ മൂവ് ചെയ്യാൻ ഹൈപ്പർലിങ്ക് ഉപയോഗിക്കുന്നു.

⏩ലിങ്കുകൾക്ക് **<A> ടാഗ് ( ആങ്കർ ടാഗ് )** ഉപയോഗിക്കുന്നു. പ്രധാന ആട്രിബ്യൂട്ട് **Href** ആണ് , വാല്യൂ ആയി വെബ്പേജിന്റെ/വെബ്സൈറ്റിന്റെ URL ഉപയോഗിക്കുന്നു.

രണ്ടു തരത്തിലുള്ള ലിങ്കുകൾ :

**a.എക്സ്റ്റേണൽ ലിങ്ക് :** ഒരു വെബ്പേജിൽ നിന്ന് മറ്റൊരു വെബ്പേജിലേക്കുള്ള ലിങ്കിംഗ്.
ഉദാഹരണം : <A Href="Sample.html"> Sample </A>

**b.ഇന്റേണൽ ലിങ്കിംഗ്** : ഒരു വെബ്പേജിന്റെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേക്കുള്ള ലിങ്കിംഗ്. ഇതിനായി Href, Name ഉപയോഗിക്കുന്നു.

**Concept of URL** ( യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ ) : രണ്ടുതരം URLകൾ

a.റിലേറ്റീവ് URL : Href ന്റെ വാല്യൂ ആയി വെബ് അഡ്രസ് URLനൽകുന്നു.
ഉദാഹരണം : <A Href="dhsekerala.gov.in"> DHSE </A>

b. അബ്സല്യൂട്ട് URL: href ന്റെ വാല്യൂ ആയി ലിങ്ക് ചെയ്യേണ്ട ഫയലിന്റെ പേര് നൽകുന്നു
ഉദാഹരണം : <A Href="Sample.html"> Sample </A>

**ഇമേജിനെ ഹൈപ്പർലിങ്കായി നൽകുന്ന വിധം** :

<A Href="wayanad.com"><IMG Src="wayanad.jpg"> </A>

## 3. മ്യൂസിക് വീഡിയോ വെബ്പേജിൽ ഉൾപ്പെടുത്തുന്ന വിധം

**3.1 <EMBED> ടാഗ് :** വെബ്പേജിൽ മ്യൂസിക്കും വീഡിയോയും ഉൾപ്പെടുത്തുന്നതിനുള്ള ടാഗ്.
ആട്രിബ്യൂട്ടുകൾ - Src, Height, Width, Align, Alt, **Hidden**

**Hidden :** മൾട്ടിമീഡിയ കമ്പോണന്റുകൾ ദൃശ്യമാകണോ വേണ്ടയോ എന്ന് നിശ്ചയിക്കുന്നു.
Values : false ( default ) & true

**3.2 <NOEMBED> :** ബ്രൗസർ <EMBED> ടാഗ് സപ്പോർട്ട് ചെയ്യുന്നില്ല എങ്കിൽ <NOEMBED> ടാഗിലെ കണ്ടന്റ് ഡിസ് പ്ലേ ചെയ്യും.

**3.3. <BGSOUND> :** വെബ് പേജ് റൺ ചെയ്യുന്ന അവസരത്തിൽ ബാഗ്രൗണ്ട് മ്യൂസിക് പ്ലേ ചെയ്യും.
ആട്രിബ്യൂട്ടുകൾ - Src,Loop ,Volume

teachbook.in

## 4. Use of Table Tag :

| ടാഗ് | ആട്രിബ്യൂട്ടുകൾ | ***ഉപയോഗം** & വാല്യൂ |
|---|---|---|
| **<TABLE> ടാഗ്** | **<table>** ടാഗ് : **ടേബിൾ നിർമിക്കാൻ ഉപയോഗിക്കുന്നു** | |
| | Border | ബോർഡർ ലൈനിനു കനം നൽകുന്നു |
| | Bordercolor | ബോർഡർ ലൈനിനു നിറം നൽകുന്നു |
| | Align | ബ്രൗസറിൽ ടേബിളിന്റെ സ്ഥാനം നിശ്ചയിക്കുന്നു.<br>Value : left ( default), center, right |
| | Bgcolor | ടേബിളിനു ബാക്ക്ഗ്രൗണ്ട് കളർ നൽകുന്നു. |
| | Cellspacing | സെല്ലുകൾക്കിടയിലെ സ്പേസ് നിർവചിക്കുന്നു |
| | Cellpadding | സെല്ലും ,സെൽബോർഡറും തമ്മിലുള്ള അകലം നിർവചിക്കു |
| **<TR> ടാഗ്** | ടേബിൾ റോ (വരി ) നിർമ്മിക്കുവാൻ | |
| **<TD> ടാഗ്** | ഓരോ സെല്ലിലും ഡാറ്റ ഇൻസേർട് ചെയ്യുവാൻ | |
| **<TH> ടാഗ്** | ഓരോ കോളത്തിനും ഹെഡിങ് നൽകുന്നു | |
| **<TR> <TD> & <TH> ടാഗ് ആട്രിബ്യൂട്ടുകൾ** | Align | ഒരു റോയിലെ സെല്ലുകളിലെ ഡാറ്റയുടെ ഹൊറിസോണ്ടൽ സ്ഥാനം നിശ്ചയിക്കുന്നു. Value : left ( default), center, right |
| | Valign | ഒരു റോയിലെ സെല്ലുകളിലെ ഡാറ്റയുടെ വെർട്ടിക്കൽ സ്ഥാനം നിശ്ചയിക്കുന്നു. - top, middle, bottom or baseline. |
| | Bgcolor | ഓരോ റോയ്ക്കും ബാക്ക്ഗ്രൗണ്ട് കളർ നൽകുന്നു. |
| **<TD> & <TH> ടാഗ് ആട്രിബ്യൂട്ടുകൾ** | Colspan | ഒരു സെല്ലിന്റെ വലിപ്പം ഒന്നിലധികം കോളങ്ങളിൽ വ്യാപിപ്പിക്കുന്നു |
| | Rowspan | ഒരു സെല്ലിന്റെ വലിപ്പം ഒന്നിലധികം റോകളിലേക്ക് വ്യാപിപ്പിക്കുന്നു |
| **<CAPTION>** | ടേബിളിനു ഹെഡിങ് നൽകുന്നതിന് ഉപയോഗിക്കുന്നു | |

**ഉദാഹരണം :**

```
<table border="1" >
  <CAPTION> STUDENTS  </CAPTION>
  <tr>
      <th>Roll No</th>
        <th>Name</th>
  </tr>
  <tr>
       <td>1</td>
        <td>Anoop</td>
  </tr>
  <tr>
      <td>2</td>

       <td>Beena</td>
   </tr>
</table>
```

**Output :**

**STUDENTS**

| Roll No | Name |
|---|---|
| 1 | Anoop |
| 2 | Beena |

**5. <FORM> ടാഗ് :**

| ടാഗ് | ആട്രിബ്യൂട്ടുകൾ | ***ഉപയോഗം & വാല്യൂ** |
|---|---|---|
| **<FORM> ടാഗ്** | യൂസർ ഇൻപുട്ട് ശേഖരിക്കാൻ ഒരു HTML ഫോം ഉപയോഗിക്കുന്നു. | |
| | Action | ഒരു ഫോം സമർപ്പിക്കുമ്പോൾ ഫോം-ഡാറ്റ എവിടേക്കാണ് അയയ്ക്കേണ്ടതെന്ന് വ്യക്തമാക്കുന്നു. Value : “URL” |
| | Method | ഫോം-ഡാറ്റ അയക്കുമ്പോൾ ഉപയോഗിക്കേണ്ട HTTP രീതി വ്യക്തമാക്കുന്നു. Value : “POST”, “GET” |
| | Target | ഫോം സമർപ്പിച്ചതിന് ശേഷം ലഭിക്കുന്ന പ്രതികരണം എവിടെ പ്രദർശിപ്പിക്കണമെന്ന് വ്യക്തമാക്കുന്നു<br>Value : _blank, _self, _parent, _top, name |
| **Form controls :** HTML ഫോം ഉപയോഗിച്ച് ഡാറ്റ ശേഖരിക്കാൻ നമുക്ക് ഉപയോഗിക്കാവുന്ന വ്യത്യസ്ത തരത്തിലുള്ള ഫോം എലെമെന്റ്സ്.എല്ലാം എംപ്റ്റി ടാഗുകളാണ് | | |
| **<INPUT> ടാഗ്** | ഫോം കോൺട്രോൾസ് സൃഷ്ടിക്കാൻ ഉപയോഗിക്കുന്നു. | |
| | **Attribute** | **Value** |
| | **Type:** <INPUT> ടാഗ് ഏതു ടൈപ്പിലുള്ള കൺട്രോൾ നിർമിക്കണമെന്ന് തീരുമാനിക്കും | **Text** : ഒരു ടെക്സ്റ്റ് ബോക്സ് സൃഷ്ടിക്കുക<br>**Password** : ഒരു പാസ് വേർഡ് ബോക്സ് സൃഷ്ടിക്കുന്നു<br>**Checkbox :** ഉപയോക്താവിന് Yes/NOഎന്ന് രേഖപ്പെടുത്താൻ കഴിയുന്ന ഒരു ചെക്ക്ബോക്സ് സൃഷ്ടിക്കുക.<br>**Radio :** ഒരു ഗ്രൂപ്പിൽ നിന്ന് ഒരൊറ്റ വാല്യൂ തിരഞ്ഞെടുക്കുന്നു.<br>**Submit** : ഫോമിൽ നൽകിയ എല്ലാ എൻട്രികളും സെർവറിലേക്ക് സമർപ്പിക്കാൻ ഉപയോഗിക്കുന്നു.<br>**Button** :ഫോമിൽ സാധാരണ ഗ്രാഫിക്കൽ ബട്ടൺ സൃഷ്ടിക്കുന്നു.<br>**Reset** : ഫോമിലെ എല്ലാ എൻട്രികളും ക്ലിയർ ചെയ്യുന്നു |
| **Name** | ഇൻപുട്ട് എലെമെന്റിനും പേര് നൽകാൻ ഉപയോഗിക്കുന്നു. | |
| **Value** | ഓരോ ഫോം എലെമെന്റിൽ ഡിഫോൾട്ട് വാല്യൂ നൽകാൻ | |
| **Size** | ഇൻപുട്ട് എലെമെന്റിന്റെ വലുപ്പം വ്യക്തമാക്കുന്നു (ടെക്സ്റ്റ് ബോക്സും പാസ്‌വേഡും) | |

**6. < FRAMESET>** : ബ്രൌസർ വിൻഡോയെ പല സെക്ഷനുകളായി തിരിക്കുന്നു. ഇതൊരു കണ്ടെയ്നർ ടാഗാണ്. **ആട്രിബ്യൂട്ടുകൾ:**Rows,Cols,Border,Bordercolor

**< FRAME> ടാഗ്** : <FRAMESET> ടാഗ് കൊണ്ട് തരാം തിരിച്ച ബ്രൌസർ വിൻഡോയിൽ html ഡോക്യുമെന്റിനെ ലോഡ് ചെയ്യാം.

**ഉദാഹരണം :** <FRAMESET Cols=”30%,70%”>

<FRAME Src=” Code1.html”> <FRAME Src=” Code2.html”>

< /FRAMESET>

teachbook.in